# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


R.9768/2021 Date: 11/08/2022

## പരസ്യം

2022 ഓണം-നവരാത്രി എക്സിബിഷനോടനുബന്ധിച്ച് ശ്രീ വടക്കുന്നാഥൻ എക്സിബിഷൻ ഗ്രൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ 25/08/2022 മുതൽ 45 ദിവസത്തേക്ക് പരസ്യം പ്രദർശിപ്പിക്കുന്നതിനും ഓഡിയോ, വീഡിയോ (LED Wall സഹിതം) പരസ്യങ്ങൾക്കും താൽപര്യമുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ച് കൊള്ളുന്നു. ടെണ്ടറുകളിൽ പരസ്യനിരക്ക് ചതുരശ്ര അടിക്ക് പ്രതിദിനം നൽകാൻ ഉദ്ദേശിക്കുന്ന സംഖ്യ വ്യക്തമായി കാണിച്ചിരിക്കേണ്ടതാണ്. ടെണ്ടറിൽ കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ മാറാവുന്ന 25,000/-ക യുടെ ഡി.ഡി ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകൾ 19/08/2022 2 p.m വരെ തൃശ്ശൂർ റൗണ്ട് നോർത്തിലുള്ള കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 2.30 p.m ന് ഹാജരുള്ള ടെണ്ടർ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിക്കുന്നവരുടെ പേരിൽ ടെണ്ടർ ഉറപ്പിക്കുന്നതും ടെണ്ടർ ഉറപ്പിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സംഖ്യ മുഴുവനായും നിയമപ്രകാരമുള്ള ജി.എസ്.ടി അടക്കം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. പരസ്യ നികുതി ഇനത്തിൽ എന്തെങ്കിലും സംഖ്യ സർക്കാർ വകുപ്പുകളിലേക്കോ കോർപ്പറേഷനിലേക്കോ അടക്കേണ്ടി വരുന്ന പക്ഷം ആയത് ടെണ്ടർ ലഭിക്കുന്ന വ്യക്തി തന്നെ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടക്കേണ്ടതാണ്. ഇതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു വിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ ആയത് നിർത്തി വയ്ക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും യുക്തമെന്ന് തോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. പരസ്യ ബോർഡുകൾക്ക് ആവശ്യമായ ലൈസൻസ്, ഇൻഷുറൻസ് എന്നിവ ടെണ്ടർ കൊണ്ട വ്യക്തി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്. ഈ ടെണ്ടറിനെ പറ്റി കൂടുതൽ അറിയുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ സമീപിക്കാവുന്നതാണ്.

സെക്രട്ടറി

കൊച്ചിൻ ദേവസ്വം ബോർഡ്